**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.347** **21.06.2019-ലെ മറുപടിക്ക്**

## ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. ടി.എ.അഹമ്മദ് കബീർ**
**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**
**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**

**ഡോ. ടി.എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷാവസാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ വകുപ്പുകളിൽ നിന്നും സമർപ്പിച്ച കരാറുകാരുടെ ഉൾപ്പെടെയുള്ള അഞ്ച് ലക്ഷം രൂപയിൽ അധികമുള്ള ബില്ലുകൾ ട്രഷറി ക്യൂവിലേക്ക് മാറ്റിയിട്ടുണ്ടോ; | ബജറ്റ് വിഹിതം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി സാമ്പത്തിക വർഷാവസാനം വൻ തോതിൽ ബില്ലുകളും ചെക്കുകളും ട്രഷറികളിൽ സമർപ്പിക്കുന്നത് ഒരു സ്ഥിരം പ്രവണതയാണ്. ഇതിന്റെ ഫലമായി ട്രഷറികളിൽ സൃഷ്ടിക്കപ്പെടുന്ന അഭൂതപൂർവ്വമായ തിരക്ക് ബില്ലുകളുടെയും ചെക്കുകളുടെയും കൃത്യമായ പരിശോധനയ്ക്കും സാമ്പത്തിക വർഷാന്ത്യത്തിനുള്ളിൽ ജോലികൾ പൂർത്തീകരിക്കുന്നതിനും വിഘാതം സൃഷ്ടിക്കാറുണ്ട്. ഇത് കൂടാതെ ട്രഷറികളുടെയും ബാങ്കുകളുടെയും സമ്പൂർണമായ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പശ്ചാത്തല - ത്തിൽ സാമ്പത്തികവർഷാവസാനദിനം രാത്രി 12 മണിക്ക് ശേഷം മുൻവർഷത്തെ ട്രഷറി ഇൻസ്ട്രുമെൻറ്സ് ടി സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും പാസ്സാക്കി നൽകുവാൻ സാധിക്കാത്ത പശ്ചാത്തലം സംജാതമായിട്ടുണ്ട്. അതുകൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വൈകി സമർപ്പിച്ച ബില്ലുകൾ പൂർണ്ണമായി പാസ്സാക്കി നൽകുവാൻ കഴിഞ്ഞിട്ടില്ല.<br><br>തിരക്ക് കണക്കിലെടുത്ത് ട്രഷറികളിൽ സാമ്പത്തികവർഷാവസാനത്തെ ക്രയ - വിക്രയങ്ങൾ സുഗമമാക്കുന്നതിന് പര്യാപ്തമായ ക്രമീകരണങ്ങൾ കാലാകാലങ്ങളായി |

| | | |
|---|---|---|
| | | നടപ്പിലാക്കിവരുന്നുണ്ട് . ഇതിന്റെ ഭാഗമായി ബില്ലുകൾ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുവാൻ നിഷ്കർഷിച്ചു പോരാറുണ്ട് . കഴിഞ്ഞ സാമ്പത്തിക വർഷവും ട്രഷറികളുടെ തിരക്ക് നിയന്ത്രിക്കുന്നതിന് ഉതകുന്ന നിർദ്ദേശങ്ങൾ സർക്കാർ 23.03.2019 ലെ 27/ 2019/ധന നമ്പർ സർക്കുലർ മുഖാന്തിരം പുറപ്പെടുവിച്ചിരുന്നു.<br><br>30/03/2019 ന് 5 മണി വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ ടി സാമ്പത്തിക വർഷത്തിൽ പാസ്സാക്കാൻ സാധിക്കാത്തതുമായ എല്ലാ ബില്ലുകളും ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. ഇപ്രകാരം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷം മാറുന്നതിന് ഡി.ഡി.ഒ-മാർ പാലിക്കേണ്ട വിശദമായ നടപടിക്രമം 10/04/2019 ലെ 31/2019/ധന. നമ്പർ സർക്കുലറിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.മേൽ നടപടിക്രമം പാലിച്ച് ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ ട്രഷറിയിൽ നിന്നും പാസ്സാക്കി നൽകി വരുന്നുണ്ട് . 2018-19 സാമ്പത്തിക വർഷം ട്രഷറി ക്യൂവിലേയ്ക്ക് 50003 ബില്ലുകൾ മാറ്റിയിരുന്നു. ഇവയിൽ 12/06/2019 വരെ 37757 ബില്ലുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 12246 ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലെ ways & means നിയന്ത്രണങ്ങൾക്ക് വിധേയമായി പാസ്സാക്കി നൽകുന്നതാണ് . |
| (ബി) | പ്രസ്തുത ബില്ലുകൾ പാസ്സാക്കുമ്പോൾ ഏതു വർഷത്തെ വിഹിതത്തിൽ നിന്നാണ് കുറവ് വരുത്തുന്നത്; | കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) അവസാനിച്ച സാഹചര്യത്തിൽ ടി സാമ്പത്തിക വർഷം പാസ്സാക്കാനാവാതെ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷത്തെ (2019-20) ബജറ്റ് വിഹിതത്തിൽ നിന്ന് മാത്രമേ മാറി നൽകുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഈ നടപടി മൂലം വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക പാഴാകാതിരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തുന്ന ബില്ലുകൾ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് മാത്രമേ അനുവദിക്കാൻ കഴിയൂ. അതുകൊണ്ട് അപ്രകാരമുള്ള ബില്ലുകൾ |

| | | |
|---|---|---|
| | | അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുന്നത് വർഷങ്ങളായി അനുവർത്തിച്ചു പോരുന്ന നടപടിയാണ്. ആയത് ഈ വർഷവും തുടർന്നുവന്നുയെന്നേയുള്ളൂ. |

**സെക്ഷൻ ഓഫീസർ**